**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1273 04.02.2019-ൽ മറുപടിക്ക്**

## ഹയർ സെക്കന്ററി അധ്യാപകരുടെ സ്ഥലം മാറ്റം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ആർ. സുനിൽ കുമാർ** | **പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് എന്നറിയിക്കുമോ; | (എ) സംസ്ഥാനത്ത് 28 ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരുടെ ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) 2019-ൽ സർക്കാർ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരുടെ എത്ര ഒഴിവുകൾ ഉണ്ടാവും എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ നിലവിലെ 28 ഒഴിവുകൾ കൂടാതെ 2019 ജൂലൈ 1 വരെ പ്രിൻസിപ്പൽമാരുടെ റിട്ടയർമെന്റ് മൂലം 125 ഒഴിവുകൾ കൂടി ഉണ്ടാകും. |
| (സി) പ്രിൻസിപ്പൽ നിയമനത്തിനായി വകുപ്പുതല പ്രമോഷൻ കമ്മിറ്റി കൂടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഒഴിവുകൾ അടുത്ത അദ്ധ്യയന വർഷം തുടങ്ങുന്നതിന് മുമ്പ് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) അടുത്ത അദ്ധ്യയന വർഷം തുടങ്ങുന്നതിന് മുൻപ് പ്രിൻസിപ്പൽമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ.**